# 77. അനാഥരായ മാതാപിതാക്കൾ

മാതാപിതാക്കൾ മരിച്ചോ, അവരാൽ ഉപേക്ഷിക്കപ്പെട്ടോ അനാഥരാവുന്ന കുട്ടികളുടെ പ്രശ്നം നമ്മുടെ സമൂഹത്തിന്റെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. ഇത്തരം കുട്ടികളെ സംരക്ഷിക്കുന്നതിന് അനാഥമന്ദിരങ്ങൾ, യത്തീംഖാനകൾ, ഓർഫനേജുകൾ മുതലായ പേരുകളിൽ, മതസംഘടനകളുടെയും സാമൂഹ്യപ്രവർത്തകരുടെയും സർക്കാരിന്റെയും നേതൃത്വത്തിൽ, നടന്നുവരുന്ന സ്ഥാപനങ്ങളെക്കുറിച്ച് നമുക്ക് അറിയാം.

കുട്ടികൾ മരിക്കുന്നതുനിമിത്തം അനാഥരാവുന്ന മാതാപിതാക്കളെപ്പററി നാം ചിന്തിച്ചു തുടങ്ങിയിട്ടില്ല. ശിശുമരണംമൂലം സാമ്പത്തികമായ അനാഥത്വം മാതാപിതാക്കൾക്ക് ഉണ്ടാകുന്നില്ലെന്നതു ശരിയാണ്. എന്നാലും, മാനസികമായി മാതാപിതാക്കളെ തകർക്കാൻ പോന്നതാണു ലാളിച്ചുവളർത്തുന്ന ശിശുക്കളുടെ മരണം. ശിശുക്കൾ മരിച്ച് തങ്ങൾ അനാഥരായിത്തീർന്നു എന്നു കരുതുന്ന മാതാപിതാക്കൾക്കു സമൂഹം സഹായം നൽകേണ്ടതുണ്ട്.

നമ്മുടേതുപോലുള്ള പാരമ്പര്യസമൂഹങ്ങളിൽ, കൂട്ടുകുടുംബത്തിൽ നിന്ന് ആശ്വാസം ഉൾക്കൊള്ളാൻ ശിശുമരണദുഃഖിതരായ മാതാപിതാക്കൾക്കു കഴിയുന്നു. പലരും പങ്കിട്ടെടുക്കുമ്പോൾ ദുഃഖത്തിന്റെ കനം കുറയുന്നു; ആളുകൾക്ക് അതു താങ്ങാൻ കഴിയുന്നു. കാലത്തിന്റെ പരീക്ഷണത്തിൽ വിജയിച്ചിട്ടുള്ള ഒരു സാമൂഹ്യരക്ഷാസംവിധാനമാണ് കൂട്ടുകുടുംബം. സന്താനമരണംകൊണ്ടു കേഴുന്ന മാതാപിതാക്കൾക്കു മാത്രമല്ല, അനാഥരായ ശിശുക്കൾക്കും വികലാംഗർക്കും രോഗികൾക്കും വൃദ്ധന്മാർക്കും, എല്ലാം ഒരളവുവരെ, സംരക്ഷണം കൂട്ടുകുടുംബം നൽകിപ്പോന്നു.

പക്ഷേ, ലോകത്തിലെങ്ങും കൂട്ടുകുടുംബസമ്പ്രദായം തകർന്നു കഴിഞ്ഞിരിക്കുന്നു. അതിന്റെ സ്ഥാനത്ത്, അച്ഛനും അമ്മയും ഒന്നോ, രണ്ടോ കുട്ടികളും മാത്രമടങ്ങുന്ന 'അണുകുടുംബങ്ങൾ' നിലവിൽ വന്നുമിരിക്കുന്നു. കൂട്ടുകുടുംബത്തിന്റേതായിരുന്ന ബന്ധവലയുടെ സ്മരണമാത്രമേ നമ്മുടെ നാട്ടിൽ, ഗ്രാമങ്ങളിൽപ്പോലും, അവശേഷിച്ചിട്ടുള്ളു. പാശ്ചാത്യരാജ്യങ്ങളിലാണെങ്കിൽ കൂട്ടുകുടുംബം മാത്രമല്ല അണുകുടുംബംകൂടിയും വിഘടിച്ചുകൊണ്ടിരിക്കുകയാണ്.

ഈ പശ്ചാത്തലത്തിൽ, അനാഥരായ മാതാപിതാക്കളെപ്പററി പാശ്ചാത്യരാജ്യങ്ങളിലെ സാമൂഹ്യപ്രവർത്തകർ ചിന്തിച്ചു തുടങ്ങിയിട്ടുണ്ടെങ്കിൽ, അതിൽ അസാധാരണമായി ഒന്നുമില്ല.

'അനാഥരായ മാതാപിതാക്കൾ' (ഓർഫൻഡ് പേരെൻറ്സ്) എന്ന പേരിൽ ഒരു സംഘം 1984 മുതൽ ജർമനിയിലെ ഹാംബുർഗ് നഗരത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മനശ്ശാസ്ത്രജ്ഞയായ ഒരു സാമൂഹ്യപ്രവർത്തകയുടെ നേതൃത്വത്തിൽ, പ്രോട്ടസ്റ്റൻറ് ചർച്ചിന്റെ പിന്തുണയോടെ സ്ഥാപിക്കപ്പെട്ട ഈ സംഘത്തിന്റെ ലക്ഷ്യം ശിശുമരണംകൊണ്ടു ദുഃഖിക്കുന്ന മാതാപിതാക്കളെ ആശ്വസിപ്പിക്കുകയാണ്.

ഹാംബുർഗ് നഗരത്തിൽ പതിനഞ്ചു വയസ്സിനു താഴെയുള്ള ഒമ്പതിനായിരം കുട്ടികൾ ആണ്ടുതോറും മരിക്കുന്നുണ്ടത്രേ. പിറന്ന് അധികം ദിവസം കഴിയും മുമ്പു കുറെ ശിശുക്കൾ മരിക്കുന്നു. മുതിർന്ന കുട്ടികളിൽ പലരും രോഗം ബാധിച്ചോ, അപകടങ്ങളിൽപെട്ടോ, കുററകൃത്യങ്ങൾക്ക് ഇരകളായോ മരിച്ചുപോവുന്നു. ആത്മഹത്യ ചെയ്യുന്ന കുട്ടികളും കുറെയുണ്ട്. ഈ കുട്ടികളുടെ മരണം അവരുടെ മാതാപിതാക്കളുടെ, പ്രത്യേകി

ച്ച് അമ്മമാരുടെ, ജീവിതത്തിൽ നീണ്ട നിഴൽ വീഴ്ത്തുന്നു. അവരുടെ ജീവിതവീക്ഷണം അതോടെ മാറിപ്പോവുന്നു. ഇരുണ്ട എത്രയോ മാസങ്ങൾക്കുശേഷമാണ്, മരിച്ചുപോയ കുട്ടികളെപ്പററി സംസാരിക്കാനുള്ള മാനസികസ്വാസ്ഥ്യം പലർക്കും കൈവരുന്നത്. അപ്പോഴേക്കും അയൽക്കാരും സുഹൃത്തുക്കളും ഈ കുട്ടികളുടെ കാര്യംതന്നെ മറന്നുപോയിരിക്കും.

'അനാഥരായ മാതാപിതാക്കൾ' എന്ന സംഘടന ഇത്തരം മാതാപിതാക്കളുടെ കാര്യം ശ്രദ്ധിക്കുന്നു. ശിശുമരണത്തിൽ വിലപിക്കുന്ന മാതാപിതാക്കളുടെ ദുഃഖം ഈ സംഘടനയിലെ അംഗങ്ങൾ പങ്കിട്ട് എടുക്കുന്നു. ദുഃഖിതർക്ക് എപ്പോഴും സംഘടനയുടെ ആപ്പീസിൽ ചെല്ലാം. അവരുടെ ആവലാതികൾ സഹാനുഭൂതിയോടെ കേൾക്കാനും, അവരെ ആശ്വസിപ്പിക്കാനും ഏതാനും ഹൃദയശാലികൾ അവിടെ എപ്പോഴും ഉണ്ടാവും.

മനസ്സിനെ സംസ്കരിക്കുന്നതിനു മൈത്രി, കരുണ, മുദിത, ഉപേക്ഷ എന്ന നാലു മനോഭാവങ്ങൾ നിയമേന പരിശീലിക്കണമെന്ന് ഭാരതീയ യോഗദർശനം പറയുന്നു. സമന്മാരോടു പുലർത്തേണ്ട സൗഹാർദമാണ് 'മൈത്രി'. ദുഃഖിതരോട് അനുവർത്തിക്കേണ്ട അനുകമ്പയത്രേ 'കരുണ'. മററുള്ളവരുടെ സുഖത്തിൽ നമുക്കുണ്ടാവേണ്ട ആനന്ദത്തെ 'മുദിത' എന്നു പറയുന്നു. അസുഖകരങ്ങളായ കാര്യങ്ങൾ സംഭവിക്കുകയും, അവയിൽ ഒരു വിധത്തിലും ഇടപെടാൻ നമുക്കു കഴിവില്ലാതിരിക്കുകയുമാണെങ്കിൽ നമ്മുടെ മനസ്സമാധാനം മുൻനിർത്തി ആ കാര്യങ്ങളോടു നാം പുലർത്തേണ്ട ഉദാസീനമനഃസ്ഥിതി 'ഉപേക്ഷ' എന്നു വിളിക്കപ്പെടുന്നു. ഇവയിൽ, 'കരുണ' എന്ന ചിത്തസംസ്കരണപ്രക്രിയയ്ക്കു സംഘടനാപരമായ രൂപം നൽകിയതാണ് 'അനാഥരായ മാതാപിതാക്കൾ'.

ഈ സംഘടനയിൽനിന്നു പ്രചോദനം ഉൾക്കൊണ്ട പതിനാറു ഗ്രൂപ്പുകൾ ഇപ്പോൾ ജർമനിയിൽ പ്രവർത്തിച്ചുവരുന്നുണ്ടത്രേ.

ഒരു നിത്യാനുഭവമെങ്കിലും, മരണം ഇന്നും ഒരു പ്രഹേളികയായി അവശേഷിക്കുന്നു. ഓരോ മരണവും കുടുംബത്തിൽ നീണ്ടുനില്ക്കുന്ന കഷ്ടപ്പാടുകളും വിഷാദങ്ങളും സൃഷ്ടിക്കുന്നു. ശിശുമരണം പ്രത്യേകിച്ചും ദുഃഖകരമാകുന്നു. മരിച്ച ശിശുവിൻെറ മാതാപിതാക്കൾ മാത്രമല്ല, സഹോദരീസഹോദരന്മാരും സാന്ത്വനത്തിനു ദാഹിക്കുന്നു.

കുട്ടി മരിച്ചതു തങ്ങളുടെ ശ്രദ്ധക്കുറവുകൊണ്ടാണെന്നു പലപ്പോഴും മാതാപിതാക്കൾ കരുതുന്നു. ഇത് അവരുടെ മനസ്സിനെ അഗാധമായ അപരാധബോധംകൊണ്ടു നിറയ്ക്കുന്നു. ശിശുമരണം പ്രകൃതിവിരുദ്ധമാണെന്ന ധാരണയാണ് എല്ലാവർക്കും. ശിശുവിൻെറ അകാലമരണം സൃഷ്ടിക്കുന്ന ആഘാതത്തിൽനിന്നു രക്ഷപ്പെടാൻ മാതാപിതാക്കൾക്കു സമൂഹത്തിൻെറ സഹാനുഭൂതി എത്രയും ആവശ്യമാണ്.

അപകടത്തിൽപ്പെട്ടു മരിക്കുകയോ, ആത്മഹത്യാശ്രമത്തിൽ വിജയിക്കുകയോചെയ്യുന്ന കുട്ടികളുടെ മാതാപിതാക്കളിൽ കുററബോധം വളരെയധികം തീവ്രമായിരിക്കും. അപകടം തങ്ങൾ മുൻകൂട്ടി കണ്ടു തടഞ്ഞില്ലല്ലോ എന്നും, ആത്മഹത്യയിൽക്കൊണ്ടെത്തിക്കുമാറു കുട്ടിയുടെ വികാരങ്ങളെ തങ്ങൾ നിരന്തരം അവഗണിച്ചുവന്നുവല്ലോ എന്നുമുള്ള വിചാരം മാതാപിതാക്കളെ വിട്ടുമാറാൻ വളരെ കാലമെടുക്കും. ഈ സന്ദർഭത്തിൽ പല മാതാപിതാക്കളും സ്വയം ആത്മഹത്യചെയ്യുന്നതിനെപ്പററി ആലോചിക്കാറുണ്ട്. ചിലരെങ്കിലും ആ ആലോചന പ്രവൃത്തിയിൽ വരുത്താറുമുണ്ട്.

ശിശുമരണദുഃഖത്തിൽ സമൂഹത്തിൽനിന്നു സാന്ത്വനം ലഭിക്കാത്ത മാതാപിതാക്കൾ പലപ്പോഴും തങ്ങളുടെ വിഷാദകലുഷങ്ങളായ മനസ്സുകളുടെ അകത്തേക്ക് ഉൾവലിയുന്നു. അവർക്ക് ഒന്നിലും താല്പര്യമില്ലാ

ആവുന്നു. ലൈംഗികബന്ധങ്ങളിൽ അവരിൽ പലർക്കും വിരക്തി തോന്നുന്നു. പാശ്ചാത്യനാടുകളിൽ പല ദാമ്പത്യബന്ധങ്ങളും ഈ ഘട്ടത്തിൽ തകർന്നുപോകുന്നുണ്ട്. തന്റെ ദുഃഖത്തിൽ ഭർത്താവ് പങ്കുകൊള്ളുന്നില്ലെന്നും, അയാൾക്ക് താല്പര്യം അയാളുടെ ശാരീരിക സുഖസൗകര്യങ്ങളിൽ മാത്രമാണെന്നും ഭാര്യ കരുതിത്തുടങ്ങുന്നതാണ് ഈ തകർച്ചയുടെ മുഖ്യകാരണം. ശിശു മരിച്ച നൂറു ദമ്പതിമാരിൽ എഴുപതുപേരുടെയും ദാമ്പത്യം ജർമനിയിൽ ഇപ്പോൾ വിവാഹമോചനത്തിൽ അവസാനിക്കുന്നുണ്ടത്രേ. ദമ്പതിമാർക്കിടയിൽ മുമ്പേ നിലനിന്നുവന്നിരുന്ന നിസ്സാരങ്ങളായ പൊരുത്തക്കേടുകൾപോലും ഈ പരിതഃസ്ഥിതിയിൽ ഉഗ്രരൂപം കൈക്കൊണ്ടു വളരുന്നു.

എന്നാൽ, മുമ്പ് അകന്നുനിന്നിരുന്ന ഹൃദയങ്ങൾ പൊതുദുഃഖത്തിന്റെ ചൂടിൽ ഉരുകി ഒന്നാകുന്നതിന്റെ ഉദാഹരണങ്ങളും ഇല്ലായ്കയില്ല. തങ്ങൾ അന്യോന്യം എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നും, ഒരാൾക്ക് മറ്റേ ആൾ നൽകുന്ന സഹായവും സാന്ത്വനവും എത്രമാത്രം അമൂല്യമാണെന്നും പല ദമ്പതികളും വ്യക്തമായി മനസ്സിലാക്കുന്നതു ശിശുമരണംപോലെയുള്ള തീവ്രപീഡാനുഭവങ്ങളുടെ മുഹൂർത്തങ്ങളിലാകുന്നു. കണ്ണീർപ്പാടത്തിലൂടെ നീന്തിക്കയറുന്ന പലർക്കും ഒരു തീർത്ഥസ്നാനത്തിന്റേതായ ആത്മീയവിശുദ്ധി അനുഭവപ്പെടാറുണ്ട്.

പല മാതാപിതാക്കളും ഒരു കുട്ടിയുടെ മരണംകൊണ്ടുള്ള ദുഃഖത്തിൽനിന്നു കരകയറുന്നതു മറ്റു കുട്ടികളോടുള്ള സ്നേഹത്തിലൂടെയാണ്. 'നമ്മളൊന്ന്, നമുക്കൊന്ന്'' എന്ന മുദ്രാവാക്യം യുവദമ്പതികളുടെ മുമ്പിൽ ജനസംഖ്യാശാസ്ത്രജ്ഞന്മാർ സമർപ്പിച്ചേക്കും; പക്ഷേ, മനഃശാസ്ത്രജ്ഞന്മാർ നിർദേശിക്കുക 'നമ്മൾ രണ്ട്, നമുക്കു (കുറഞ്ഞതു്) രണ്ട്'' എന്ന മുദ്രാവാക്യമായിരിക്കും.

മരിച്ച കുട്ടികളെപ്പറ്റി സംസാരിക്കാൻ പല മാതാപിതാക്കളും ഇഷ്ടപ്പെടാറില്ല. എന്നാൽ, അവരെ അനുസ്മരിക്കുകയും, അനുസ്മരിപ്പിക്കുന്ന ചിത്രങ്ങളും മറ്റു വസ്തുക്കളും കാണുകയുംചെയ്യുന്നതിലൂടെ മാത്രമേ, ആ കുട്ടികളുടെ മാതൃത്വമോ, പിതൃത്വമോകൊണ്ടു സ്വയം ധന്യത നേടാൻ മാതാപിതാക്കൾക്കു കഴിയുകയുള്ളു. മരിച്ച കുട്ടികളോടൊപ്പം തങ്ങൾ കഴിച്ചുകൂട്ടിയ ഹ്രസ്വമായ കാലഘട്ടം എത്ര അമൂല്യമായിരുന്നു എന്ന ബോധം, അവരുടെ ഹൃദയങ്ങൾക്കു ശാശ്വത സാന്ത്വനം നൽകും. ദുഃഖാനുഭവം തങ്ങളുടെ ജീവിതത്തിനു കൂടുതൽ സാർത്ഥകതയും ജീവിതവീക്ഷണത്തിനു കൂടുതൽ പക്വതയും നൽകിയതായി അവർക്ക് അനുഭവപ്പെടുകയുംചെയ്യും.

അണുകുടുംബങ്ങളും തകർന്ന കുടുംബങ്ങളും അസാധാരണങ്ങൾ അല്ലാതായിത്തീർന്നിട്ടുള്ള നമ്മുടെ നഗരങ്ങളിലും 'അനാഥരായ മാതാപിതാക്ക'ളെപ്പോലെയുള്ള സേവനസംഘടനകൾ ഒരു സാമൂഹ്യാവശ്യമായിക്കഴിഞ്ഞിട്ടുണ്ട്. എല്ലാവരും സുഖിക്കുന്നതു് ഒരുപോലെയാണെങ്കിലും, ഒരാളുടെയും ദുഃഖം മറ്റൊരാളുടേതുപോലെയല്ല. എങ്കിലും, ദുഃഖത്തിൽ സാന്ത്വനം ആവശ്യമില്ലാത്തവരില്ല.

(28 ഡിസംബർ, 1986)